**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5423** **12-08-2021 - ൽ മറുപടിയ്ക്ക്**

**വായ്പ തിരിച്ചടവിന് മൊറട്ടോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഒന്നാം കോവിഡ് വ്യാപന സമയത്ത് കേന്ദ്ര സർക്കാർ പൊതുമേഖല/വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പ എടുത്തവർക്ക് തിരിച്ചടവിന് പ്രഖ്യാപിച്ച മൊറട്ടോറിയം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും ബാധകമാക്കിയിട്ടുണ്ടോ; | (എ) | 2020-ൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ബാങ്കുകളിൽ നിന്നും വ്യക്തിഗതമായും അല്ലാതെയും എടുത്ത വായ്പകളുടെ തിരിച്ചടവുകൾ നടക്കാതെ വരുകയും ചെയ്ത സാഹചര്യത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBCFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറയം അനുവദിക്കുന്നതിന് 27.03.2020 ലെ RBI/2019-20/186, DOR.No.BP.BC.47/21.04.048/2019-20 നമ്പർ കത്ത് മുഖാന്തിരം നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാ വിധ വായ്പകൾക്കും 01.03.2020 മുതൽ 31.05.2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തത്സ്ഥിതി രൂക്ഷമായി തന്നെ തുടർന്ന സാഹചര്യത്തിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ 23.05.2020 ലെ RBI/2019-20/244.DOR.No.BP.BC.71/21.04.048/2019-20 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി മൊറട്ടോറിയത്തിന്റെ കാലാവധി 01.06.2020 മുതൽ 31.08.2020 വരെ വീണ്ടും ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്ക് പലിശ ഇളവ് ചെയ്ത് കൊടുക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇത്തരത്തിൽ പലിശ ഇളവ് ചെയ്ത് കൊടുക്കുമ്പോൾ സംഘങ്ങൾക്ക് ഉണ്ടാകുന്ന പലിശ നഷ്ടം എങ്ങനെ | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | നികത്താനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ